പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 377 — 27.09.2011-ൽ മറുപടിയ്ക്ക്

## കിലയ്ക്ക് കല്പിത സർവ്വകലാശാല പദവി നൽകുന്ന നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ | | ഡോ. എം. കെ. മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | കിലയ്ക്ക് കല്പിത സർവ്വകലാശാല പദവി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) | ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) കിലയെ കല്പിത സർവ്വകലാശാലയാക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കില ഡയറക്ടറെ അധികാരപ്പെടുത്തിയിട്ടുണ്ട്. കിലയുടെ മൊത്തം കാമ്പസ് ഒരു കല്പിത സർവ്വകലാശാലയ്ക്കു വേണ്ട രീതിയിൽ റീ ഡിസൈൻ ചെയ്യുവാനും, കാമ്പസിനു സമീപം ലഭ്യമായ സ്ഥലമെടുപ്പിന് വേണ്ട നടപടിയെടുക്കുന്നതിനും കില ഡയറക്ടറെ ചുമതലപ്പെടുത്തി. കല്പിത സർവ്വകലാശലയാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനായി ദേശീയ തലത്തിൽ ഒരു ശില്പശാല നടത്തുവാൻ തീരുമാനിച്ചു. കല്പിത സർവ്വകലാശാലയാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ കിലയ്ക്ക് നൽകിയിട്ടുള്ള PEAIS (Panchayat Expowerment and Accountability Incentive Scheme) സഹായധനത്തിൽ നിന്നും ഒരു കോടി രൂപ ചിലവഴിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.<br>പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങുന്നതോടൊപ്പം നിലവിൽ നടന്നു വരുന്ന പരിശീലന പരിപാടികൾ, ഗവേഷണം, പഠനങ്ങൾ തുടങ്ങിയവ കൂടുതൽ വിപുലീകരിക്കാനും സമ്പുഷ്ടമാക്കാനും പ്രസ്തുത |

സംരംഭത്തിലൂടെ സാധിക്കുമെന്നാണ് കരുതുന്നത്.

(സി) അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമാക്കാൻ കില വഴി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനു വേണ്ടി വിവിധ കർമ്മ പരിപാടികൾക്ക് കില രൂപം നൽകിയിട്ടുണ്ട്. അതിലൊന്നാണ് ഗ്രാമസഭാ അംഗങ്ങൾക്കുള്ള പരിശീലനം ഇത് ഡിസംബർ മാസത്തോടെ ഒരു കാമ്പയിൻ രീതിയിൽ നടത്താനാണുദ്ദേശിക്കുന്നത്. ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും, സോഷ്യൽ ഓഡിറ്റ് തുടങ്ങി പന്ത്രണ്ടാം പദ്ധതിയിലേക്കുള്ള നിർദ്ദേശങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകി ഗ്രാമസഭ ശക്തിപ്പെടുത്തുകയാണ് പ്രസ്തുത പരിശീലനം കൊണ്ട് ഉദ്ദേശിക്കുന്നത്. ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരെയും ഒന്നിച്ചുള്ള പരിശീലനമാണ് മറ്റൊന്ന്. സദ്ഭരണം ലക്ഷ്യമാക്കിയുള്ള പ്രസ്തുത പരിശീലന ടീം ബിൽഡിംഗ് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. പ്രവർത്തനത്തിലെ സുതാര്യതയും, കാര്യക്ഷമതയും ഉറപ്പുവരുത്താനാണിതുകൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ മാധ്യമപ്രവർത്തകർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ എന്നിവർക്കുള്ള സെൻസിറ്റൈസേഷൻ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്. ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് വിപുലമായ പരിശീലനം ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ